**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2168 — 11.06.2018 ൽ മറുപടിക്ക്

## കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ<br>,, പാറക്കൽ അബ്ദുല്ല<br>,, അബ്ദുൽ ഹമീദ് പി.<br>,, പി.ബി. അബ്ദുൽ റസ്സാക്ക് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമ്പോൾ എത്ര ഡോക്ടർമാർ ഉണ്ടാകണമെന്നാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (എ) | പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമ്പോൾ ചുരുങ്ങിയത് 3 ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണം എന്നാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഇത്തരം മാനദണ്ഡങ്ങൾ പ്രകാരമാണോ കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് എന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. 09.10.2017 ലെ സ.ഉ.(ആർ.ടി.)നം.2782/17/ആ.കു.വ, പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ ഡ്യൂട്ടീസ് & റെസ്പോൺസിബിലിറ്റീസ് സംബന്ധിച്ചും ടി കേന്ദ്രങ്ങളുടെ പ്രവർത്തി സമയം സംബന്ധിച്ചും വിശദമായ നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതനുസരിച്ച് നിലവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. |
| (സി) | ജനങ്ങൾക്ക് ഗുണമേന്മയുള്ള സേവനം നൽകുന്നതിനാവശ്യമായ ഭൗതിക മാനവ വിഭവശേഷി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കൂടുതൽ ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടെയും ആരോഗ്യ പരിചരണവും രോഗ ചികിത്സയും ഉറപ്പാക്കിയും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ഇവിടങ്ങളിൽ ഒരു അസിസ്റ്റന്റ് സർജൻ, 2 സ്റ്റാഫ് നഴ്സ്, 1 ലാബ് ടെക്നീഷ്യൻ ഒ.പി. കൂടുതലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ